അഗളി പി.എച്ച്.സി., സി.എച്ച്.സി. ആയി ഉയർത്തുന്നതിന് സ്വീകരിച്ച നടപടി

161 (3864) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗളി പി.എച്ച്.സി., സി.എച്ച്.സി. ആയി ഉയർത്താൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സി.എച്ച്.സി. ആയി പ്രവർത്തിപ്പിക്കുന്നതിനു വേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. അതുപ്രകാരം തന്നെ പ്രവർത്തിച്ചു വരികയും ചെയ്യുന്നുണ്ട്.

കടംപഴിപ്പുറം പ്രാഥമികാരോഗ്യകേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി മാറ്റുവാൻ നടപടി

162 (3865) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിലുൾപ്പെട്ട കടംപഴിപ്പുറം പി.എച്ച്.സി.യുടെ പ്രവർത്തനം അധികൃതരുടെ അനാസ്ഥ കാരണം പ്രവർത്തന ക്ഷമമല്ലാതായിരിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സ്ഥാപനം പ്രവർത്തനക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) കടംപഴിപ്പുറം പ്രാഥമികാരോഗ്യകേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി മാറ്റുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സ്ഥാപനം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു.

(ബി) സി.എച്ച്.സി. ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

തിരുവനന്തപുരത്തെ എസ്.എ.ടി. ആശുപത്രിയോടനുബന്ധിച്ചുള്ള എഡ്യൂക്കേഷൻ സൊസൈറ്റിയുടെ പ്രവർത്തനം

163 (3878) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയോടനുബന്ധിച്ച എഡ്യൂക്കേഷൻ സൊസൈറ്റി എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്ഥാപനത്തിൽ എത്ര മെമ്പർമാരുണ്ട് ; മെമ്പർഷിപ്പ് ഫീസ് എത്ര ; മെമ്പർഷിപ്പ് ഫീസിനത്തിലെ വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ടി സ്ഥാപനത്തോടനുബന്ധിച്ച് ഏതൊക്കെ കാറ്റഗറിയിൽ എത്ര ജീവനക്കാർ പ്രവർത്തിക്കുന്നു എന്നും ഷി ജീവനക്കാരുടെ നിയമനരീതി എപ്രകാരമാണെന്നും നിയമനാധികാരി ആരാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഈ സ്ഥാപനത്തിന് ഗ്രാന്റ്-ഇൻ-എയിഡ് ആയി സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അവ ഏതുകാര്യത്തിനുവേണ്ടി വിനിയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തി വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം എന്താണ് ;

(ജി) ആശുപത്രിയോടനുബന്ധിച്ചുള്ള സർക്കാർ ലാബിലെ വിവിധ പരിശോധനയ്ക്കുള്ള ഫീസ് എത്രയാണെന്നും എച്ച്.ഇ.എസ്. ലാബിലെ പരിശോധനയ്ക്കുള്ള ഫീസ് എത്രയാണെന്നും വിശദമാക്കാമോ ;

(എച്ച്) സർക്കാർ കെട്ടിടത്തിന്റെ ഏതെങ്കിലും മുറി എച്ച്.ഇ.എസ്. പേ വാർഡിനായി ഉപയോഗിക്കുന്നുണ്ടോ ; എങ്കിൽ ഇക്കാര്യത്തിനായി ആശുപത്രി അധികൃതരുടെ അതുവാദം വാങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഐ) ഈ ഇനത്തിൽ ലഭിക്കുന്ന വരുമാനം സർക്കാരിലേക്ക് അടയ്ക്കാറുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ജെ) എസ്.എ.റ്റി. ആശുപത്രി വികസന സമിതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രവർത്തിക്കുന്നുണ്ട്. എസ്. എ. ടി ആശുപത്രിയിലെ ശുദ്ധജല വിതരണം, ശുചീകരണ പ്രവർത്തനം മാലിന്യ നിർമ്മാർജ്ജനം, അഡ്മിഷൻ കൗണ്ടർ പ്രവർത്തനം, അമ്മമാർക്കുവേണ്ടിയുള്ള തീവ്ര ചികിത്സാവിഭാഗ സേവനം, ഇ.ഇ.സി., ഇ.എം.ജി. അൾട്രാസൗണ്ട് സ്കാൻ, പവർവിഷൻ കളർ ഡോപ്ലർ എന്നീ രോഗ നിർണ്ണയ സംവിധാനങ്ങളുടെ സേവനം ലഭ്യമാക്കൽ, പ്രതിരോധ കുത്തിവയ്പുകൾ, മറ്റ് ചികിത്സാ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയാണ് സൊസൈറ്റിയുടെ പ്രധാന പ്രവർത്തനങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 410 ആജീവനാന്ത മെമ്പർമാരും 25 സാധാരണ മെമ്പർമാരും ഉണ്ട്. ആജീവനാന്ത മെമ്പർ ഫീസ് 1000 രൂപയും സാധാരണ മെമ്പർ ഫീസ് 200 രൂപയുമാണ്. മെമ്പർഷിപ്പ് ഫീസിനത്തിൽ 4,15,000 രൂപ ലഭിച്ചിട്ടുണ്ട്.

(സി) ഈ സ്ഥാപനത്തിൽ എല്ലാ കാറ്റഗറിയിലും കൂടി 191 ജീവനക്കാർ ഉണ്ട്. ഇവരുടെ കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം സെക്രട്ടറിയാണ് ജീവനക്കാരെ നിയമിക്കുന്നത്.

(ഡി) ഗ്രാന്റ്-ഇൻ-എയ്ഡ് ആയി 84,72,000 രൂപ ലഭിച്ചിട്ടുണ്ട്. 35,00,000 രൂപ ആശുപത്രിക്ക് ആവശ്യത്തിനുള്ള ഉപകരണങ്ങൾ വാങ്ങാനും മറ്റ് ചെലവുകൾക്കുമായി വിനിയോഗിച്ചിട്ടുണ്ട്. ബാക്കി തുക ഗോൾഡൻ ജൂബിലി ബ്ലോക്ക് നിർമ്മാണത്തിനായി എസ്.ബി.ടി.യിലും ട്രഷറിയിലും നിക്ഷേപിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. അന്വേഷണം നടന്നുവരുന്നു.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) മെഡിക്കൽ കോളേജ് ആശുപത്രി ലാബിലെ പരിശോധനയ്ക്കുള്ള ഫീസ് സംബന്ധിച്ച വിവരവും എച്ച്.ഇ.എസ്. ലാബിലെ പരിശോധനയ്ക്കുള്ള ഫീസ് നിരക്ക് സംബന്ധിച്ച പട്ടികയും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(എച്ച്) ഉണ്ട്. ആശുപത്രിയിലെ ചില മുറികൾ സൊസൈറ്റിയുടെ ചെലവിൽ നവീകരിക്കുകയും അവികട കിടത്തി ചികിത്സിക്കുന്ന രോഗികളിൽ നിന്നും സംഭാവന കൂപ്പൺ നൽകി പ്രതിദിനം നൂറുരൂപ നിരക്കിൽ സൊസൈറ്റി സംഭാവന പിരിക്കുന്നുണ്ട്.

(ഐ) ഈ ഇനത്തിൽ ലഭിക്കുന്ന വരുമാനം സർക്കാരിലേയ്ക്ക് അടയ്ക്കാറില്ല.

(ജെ) എസ്.എ.ടി. ആശുപത്രി വികസന സമിതി രൂപീകരിച്ചിട്ടുണ്ട്. എച്ച്. ഇ. എസ്സിന്റെയും എച്ച്.ഡി.എസ്സിന്റെയും പ്രവർത്തനം ഏകോപിപ്പിക്കുവാനുള്ള നിർദ്ദേശം പ്രാവർത്തികമാക്കുവാൻ നിയമതടസ്സംമൂലം സാധിക്കുകയില്ല.

ആശുപത്രി ഡവലപ്മെന്റ് സൊസൈറ്റിയിൽ ആഡിറ്റ് നടത്താൻ നടപടി

164 (3879) ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റി (എച്ച്.ഡി.എസ്.) പേയിംഗ് കൗണ്ടർ, മെഡിക്കൽസ്റ്റോർ എന്നിവിടങ്ങളിൽ നിന്നും 2003 മേയ് മാസത്തിൽ എത്ര തുക ലഭിക്കുകയുണ്ടായി ;

(ബി) എച്ച്.ഡി.എസ്. പേയിംഗ് കൗണ്ടർ എന്നിവിടങ്ങളിൽ സ്ഥിരമായി എത്ര ദിവസവേതന ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly